"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.അനിൽകുമാർ ഡി. - യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. വിമൽ രാജ് കെ.കെ-യെ ചുമതലപ്പെടുത്തിയും 30/01/2026 ലെ സ.ഉ.(സാധാ)നം.232/2026/LSGD നമ്പർ ഉത്തരവ് ഭേദഗതി വരുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.990/2026/LSGD തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.232/2026/LSGD. തീയതി, 30/01/2026.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/02/2026 ലെ LSGD/PD/5745/2025-VIGD6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.അനിൽകുമാർ ഡി. (PEN No.581350) - യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൻ 31/12/2025 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ, കാവനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അനിൽകുമാർ ഡി. യ്ക്ക് എതിരെയുള്ള അച്ചടക്കനടപടിയിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ ആയിരുന്ന *ശ്രീ. ജോസഫ് സെബാസ്റ്റ്യൻ വിരമിച്ച സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി നിലവിലെ മലപ്പുറം ജോയിന്റ് ഡയറക്ടർ ശ്രീ. വിമൽ രാജ് കെ.കെ-യെ* ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3. മേൽ ഭേദഗതിയോടെ പരാമശം (1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

1. ശ്രീ. വിമൽ രാജ് കെ.കെ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം. *(ഫയലിലെ പ്രസ്കത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം അന്വേഷണത്തിനായി).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. അനിൽകുമാർ ഡി., മുൻ സെക്രട്ടറി, കാവനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഇപിബി3/42/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 12-05-2026 11:00:10